**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1745** **08-02-2023 - ൽ മറുപടിയ്ക്ക്**

**സംവരണ ക്രമം പാലിച്ചുകൊണ്ട് സർവകലാശാല അദ്ധ്യാപക നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ . ഷാഫി പറമ്പിൽ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | മലയാളം സർവകലാശാലയിലെ അദ്ധ്യാപക നിയമനങ്ങളിൽ സംവരണ തത്വം പാലിക്കുന്നില്ല എന്ന ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം നൽകുമോ; | (എ) | സർക്കാർ ഉത്തരവു പ്രകാരമുള്ള എല്ലാവിധ സംവരണതത്വങ്ങളും പാലിച്ചാണ് നിയമനങ്ങൾ നടത്തിയിട്ടുള്ളത്. |
| (ബി) | ഒഴിവുകൾ റിപ്പോർട്ട് ചെയ്ത് റിക്രൂട്ട്മെന്റ് നടപടികൾ ആരംഭിക്കുമ്പോൾ തന്നെ സംവരണക്രമം വ്യക്തമാക്കണമെന്ന് സർവ്വകലാശാലകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; ഇതിൽ നിന്നും വ്യത്യസ്തമായ നടപടി ഏതെങ്കിലും സർവകലാശാലകൾ സ്വീകരിക്കുന്നുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ; | (ബി) | വിവിധ സർവ്വകലാശാലകൾ ഒഴിവുകൾ റിപ്പോർട്ട് ചെയ്ത് റിക്രൂട്ട്മെന്റ് നടപടികൾ ആരംഭിക്കുമ്പോൾ തന്നെ സംവരണക്രമം വ്യക്തമാക്കാറുണ്ട്. എന്നാൽ കാലിക്കറ്റ് സർവ്വകലാശാലയിലെ അധ്യാപക നിയമനങ്ങൾ W.P.(C) Nos.9785 of 2015-W, 17961 of 2015-U, 18659 of 2015-F & 18797 of 2015-Y dated 3rd day of February 2016 കോടതി വിധി അനുസരിച്ചാണ് നടക്കുന്നത് . W.P.(C) Nos.9785 of 2015-W, 17961 of 2015-U, 18659 of 2015-F & 18797 of 2015-Y dated 3rd day of February 2016 കോടതി വിധി പ്രകാരം സംവരണം നിയമന സമയത്ത് മാത്രമേ വ്യക്തമാക്കാവൂ. അതിൻപ്രകാരം സംവരണം വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. |
| (സി) | റിക്രൂട്ട്മെന്റ് നടപടികളുടെ സമയത്ത് സംവരണ ക്രമം വ്യക്തമാക്കുന്ന കാര്യത്തിൽ കാലിക്കറ്റ് സർവകലാശാലയ്ക്ക് കോടതിയിൽ നിന്നും എന്തെങ്കിലും ഇളവ് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (സി) | ‘ബി’ യിൽ ചേർത്തിരിക്കുന്നു. |
| (ഡി) | സംസ്ഥാനത്തെ മുഴുവൻ സർവകലാശാലകളിലും സംവരണ ക്രമം പാലിച്ചുകൊണ്ട് റിക്രൂട്ട്മെന്റ് നടത്തുന്നു എന്ന് ഉറപ്പാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | ‘ബി’ യിൽ ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ